**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2512** **07.02.2019 -ൽ മറുപടിക്ക്**

**തലശ്ശേരി പൈതൃക ടൂറിസം പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.എൻ. ഷംസീർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| സംസ്ഥാന സർക്കാരിന്റെ ടൂറിസം മേഖലയിലെ വികസനവുമായി ബന്ധപ്പെട്ട പ്രധാന പദ്ധതികളിൽ ഒന്നായ തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽ ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി ഭരണാനുമതി നൽകിയ നാല് പദ്ധതികളിൽ തലശ്ശേരി പിയർ റോഡ് ശിൽപോദ്യാനവും ഭക്ഷ്യ വീഥിയുമായി വികസിപ്പിക്കൽ. പഴയ ഫയർ ടാങ്ക് കൺസർവേഷൻ ആന്റ് താഴെ അങ്ങാടി ഹെറിറ്റേജ് സ്ട്രീറ്റ് എന്നീ 2 പദ്ധതികളുടെ പ്രവൃത്തികൾ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ്. ഗുണ്ടർട്ട് ബംഗ്ലാവിന്റെ നവീകരണ പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുന്നു. പാലത്തിന് സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ നാലാമത്തെ പദ്ധതിയായ മൊയ്തുപാലം നവീകരണവും ഉദ്യാനവൽക്കരിക്കലും പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ല.<br><br>ഇതിനുപുറമേ തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ വിശാലമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. പ്രസ്തുത പ്ലാനിൽ ചരിത്ര / പൈതൃക പ്രാധാന്യമുള്ള 61 ഡെസ്റ്റിനേഷനുകൾ ഉൾപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 3 ജില്ലകളിലെ 9 മണ്ഡലങ്ങളിലായി വ്യാപിച്ചു കിടക്കുന്നതാണ് ഈ 61 സ്ഥലങ്ങൾ. ഈ ബൃഹത് പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ